"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

നം. REV-P1/55/2020-REV
റവന്യൂ(പി)വകുപ്പ്
തിരുവനന്തപുരം,
തീയതി: 30/04/2020

സർക്കുലർ

വിഷയം:- കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ നിയമവും ചട്ടങ്ങളും - വകുപ്പ് 27എ, ചട്ടം (4ഡി) പ്രകാരമുള്ള അപേക്ഷകൾ തീർപ്പാക്കുന്നതു സംബന്ധിച്ച

സൂചന:- 28.02.2020-ന് ബഹു. റവന്യൂ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ അധ്യക്ഷതയിൽ നടത്തിയ വീഡിയോ കോൺഫറൻസ്.

1. 2008-ലെ കേരള നെൽവയൽ - തണ്ണീർത്തട സംരക്ഷണ നിയമം വകുപ്പ് 5 പ്രകാരമുള്ള പ്രാദേശികതല നിരീക്ഷണ സമിതി നാളിതുവരെ രൂപീകരിച്ചിട്ടില്ലാത്തിടത്ത്, ജില്ലാ കളക്ടർമാർ, ആയത് എത്രയും വേഗം രൂപീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

2. 2008-ലെ കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ ചട്ടങ്ങളിലെ ചട്ടം 4 ഉപചട്ടം ( 4 ഡി) പ്രകാരമുള്ള അപേക്ഷകളിൽ തീർപ്പുകൽപ്പിക്കുന്നതിനായി, ചട്ടം 4 ഉപചട്ടം (4 എഫ്) പ്രകാരം, ഡാറ്റാബാങ്കിലെ ഉള്ളടക്കങ്ങൾ പരിശോധിച്ച് റവന്യൂ ഡിവിഷണൽ ആഫീസർമാർ ഉചിതമായ ഉത്തരവ് പുറപ്പെടുവിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ തുടർനടപടികൾ സ്വീകരിക്കേണ്ടതുമാണ്. പ്രസ്തുത അപേക്ഷകൾ സംബന്ധിച്ച തുടർനടപടികൾക്കായി ഡാറ്റാബാങ്കിന്റെ വിജ്ഞാപനം/തിരുത്തൽ വിജ്ഞാപനം കാത്തിരിക്കേണ്ടതില്ല.

3. 2008 - ലെ കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ ചട്ടങ്ങൾക്ക് അനുബന്ധമായുള്ള 'ഫാറം 5-ന്റെ തുടർച്ചയായി നൽകിയിട്ടുള്ള പ്രഫോർമ്മയിൽ 'പ്രാദേശികതല നിരീക്ഷണ സമിതിയുടെ ശുപാർശ സംബന്ധിച്ച് കൃഷി ആഫീസർ സമർപ്പിക്കുന്ന റിപ്പോർട്ട്' എന്ന് ശീർഷകത്തിൽ നല്കിയിരിക്കുന്നത്, 'കൃഷി ആഫീസർ സമർപ്പിക്കുന്ന റിപ്പോർട്ട്' എന്ന് തിരുത്തി വായിക്കേണ്ടതാണ്. അതായത്, പ്രാദേശികതല നിരീക്ഷണ സമിതിയുടെ ശുപാർശ കൂടാതെ തന്നെ, പ്രസ്തുത റിപ്പോർട്ട് കൃഷി ആഫീസർ സമർപ്പിച്ചാൽ മതിയാകുന്നതാണ്.

4. വിജ്ഞാപനം ചെയ്യപ്പെടാത്ത ഭൂമിയുടെ സ്വഭാവവ്യതിയാനം അനുവദിക്കുമ്പോൾ, സബ്ഡിവിഷൻ ആവശ്യമുള്ള സംഗതികളിൽ, റീസർവ്വേ പൂർത്തീകരിക്കാത്തിടത്ത്/ റീസർവ്വേ രേഖകൾ ലഭ്യമല്ലാത്തതു

മൂലം സബ്ഡിവിഷൻ റെക്കാർഡുകൾ പൂർത്തീകരിക്കുവാൻ സാധ്യമല്ലാത്തിടത്ത്, അപേക്ഷയോടൊപ്പം ഉള്ളടക്കം ചെയ്യുന്ന ഭൂമിയുടെ സ്കെച്ചിൽ സ്വഭാവ വ്യതിയാനം അനുവദിക്കുന്ന വിസ്തീർണ്ണത്തിന്റെയും ജലസംരക്ഷണ നടപടികൾ സ്വീകരിക്കേണ്ടുന്ന പ്രദേശത്തിന്റെയും, latitude-ഉം longitude-ഉം അടയാളപ്പെടുത്തി നൽകുവാൻ അപേക്ഷകനോട് ആവശ്യപ്പെടാവുന്നതും ഇതിന്റെ കൃത്യത ബന്ധപ്പെട്ട സർവ്വേയർ/ ഹെഡ് സർവ്വേയർ ഉറപ്പുവരുത്തേണ്ടതുമാണ്. കൂടാതെ സ്വഭാവ വ്യതിയാനം ആവശ്യപ്പെട്ടുകൊണ്ടുള്ള നടപടിക്രമത്തിൽ ഇതിന്റെ വിശദാംശങ്ങൾ രേഖപ്പെടുത്തേണ്ടതും, ടി ആവശ്യത്തിലേക്കായി വേണ്ടുന്ന G P S സേവനം ഉൾപ്പെടെയുള്ള കാര്യങ്ങൾക്കായും സംശയ ദൂരീകരണത്തിനായും ജില്ലാ ആസ്ഥാനങ്ങളിലുള്ള ഡെപ്യൂട്ടി ഡയറക്ടർ ഓഫ് സർവ്വേയുടെ സഹായം ആവശ്യപ്പെടാവുന്നതുമാണ്.

5. ഡാറ്റാബാങ്ക്/കരട് ഡാറ്റാ ബാങ്ക് പ്രസിദ്ധീകരിച്ചിട്ടില്ലാത്തിടത്ത്, ഈ ആക്ടിന്റെ 'പ്രാരംഭ തീയതിയിൽ നികത്തപ്പെട്ട ഭൂമിയായി കിടക്കുന്നതും', കേരള സംസ്ഥാന റിമോട്ട് സെൻസിംഗ് സെന്ററിന്റെയും പ്രാദേശികതല നിരീക്ഷണ സമിതിയുടെയും റിപ്പോർട്ട് പ്രകാരമോ, കേരള സംസ്ഥാന റിമോട്ട് സെൻസിംഗ് സെന്ററിന്റെ റിപ്പോർട്ട് ലഭ്യമല്ലാത്തിടത്ത് പ്രാദേശികതല നിരീക്ഷണ സമിതിയുടെ റിപ്പോർട്ട് പ്രകാരമോ നെൽവയൽ അല്ലാത്തതുമായ ഭൂമിയെ, 'വിജ്ഞാപനം ചെയ്യപ്പെടാത്ത ഭൂമി'-യായി കണക്കാക്കി തുടർനടപടി സ്വീകരിക്കാവുന്നതാണ്.

6. 2008 - ലെ കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ ചട്ടങ്ങൾക്കനുബന്ധമായുള്ള, ഫാറം 6, ഫാറം 7-ലും വിജ്ഞാപനം ചെയ്യപ്പെടാത്ത ഭൂമിയുടെ സ്വഭാവവ്യതിയാനം അനുവദിക്കുന്നതിനായി സമർപ്പിക്കുന്ന അപേക്ഷ കളിൻമേൽ തീരുമാനമെടുക്കുന്നതിനായി, **ആവശ്യമെങ്കിൽമാത്രം**, കൃഷി ആഫീസറോട് റിപ്പോർട്ട് സമർപ്പിക്കുവാൻ ആവശ്യപ്പെട്ടാൽ മതിയാകുന്നതാണ്.

7. വിജ്ഞാപനം ചെയ്യപ്പെടാത്ത ഭൂമിയുടെ സ്വഭാവവ്യതിയാനം അനുവദിക്കുന്നതിനായും, ചട്ടം 4 ഉപചട്ടം '4ഡി' പ്രകാരമുള്ള ഡാറ്റാ ബാങ്കിലെ ഉള്ളടക്കങ്ങൾ തിരുത്തുന്നതിനായും ലഭിച്ചിട്ടുള്ള അപേക്ഷകൾ അടിയന്തിരമായി തീർപ്പാക്കേണ്ടതാണ്. ഇപ്രകാരമുള്ള 1500-ലധികം അപേക്ഷകൾ തീർപ്പാക്കാതെ ശേഷിക്കുന്ന കൊല്ലം, മുവാറ്റുപുഴ, ഫോർട്ട് കൊച്ചി, തൃശ്ശൂർ, തിരൂർ എന്നീ റവന്യൂ ഡിവിഷണൽ ആഫീസുകളിൽ, ടി ജോലി സമയബന്ധിതമായി പൂർത്തിയാക്കുന്നതിനുവേണ്ടി, അധികമായി ഓരോ ക്ലാർക്കുമാരുടെ സേവനം കൂടി ലഭ്യമാക്കുന്നതിനായി, ബന്ധപ്പെട്ട ജില്ലാ കളക്ടർമാർ അടിയന്തിര നടപടി സ്വീകരിക്കേണ്ടതാണ്.

8. 27(എ)വകുപ്പ് പ്രകാരമുള്ളതും, ചട്ടം 4 ഉപചട്ടം (4ഡി) പ്രകാരമുള്ളതുമായ അപേക്ഷകൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നുണ്ടെന്ന്, ജില്ലാ കളക്ടർമാർ അവലോകന യോഗം കൂടി വിലയിരുത്തേണ്ടതും, അപേക്ഷകളുടെ തീർപ്പാക്കൽ പുരോഗതി ബഹു.റവന്യൂ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി നടത്തുന്ന റിവ്യൂ മീറ്റിംഗിൽ ഹാജരാക്കേണ്ടതുമാണ്.

9. ഡാറ്റ ബാങ്കിൽ തിരുത്തലുകൾ വരുത്തുന്നതിനായി മുൻപ് സമർപ്പിച്ചതും ഇപ്പോഴും തീർപ്പ കൽപ്പിക്കാൻ ബാക്കി നിൽക്കുന്നതുമായ അപേക്ഷകൾ അടുത്ത 45 ദിവസങ്ങൾക്കുള്ളിൽ തന്നെ തീർപ്പ കല്പിക്കേണ്ടതാണ്.

10. സർക്കാർ പുറപ്പെടുവിച്ച നമ്പർ.റവ-പി1/248/2019/റവ തീയതി 17-02-2020 പ്രകാരമുള്ള സർക്കുലറിലെ വ്യവസ്ഥകൾ ഇപ്പോഴും നെൽവയൽ ആയികിടക്കുന്നതും ഡാറ്റ ബാങ്കിൽ ഉൾപ്പെട്ടതും ആയ ഭൂമിയെ സംബന്ധിച്ചുള്ളതാണ്. 2008-ന്‌ മുൻപ് നികന്നു കിടക്കുന്നതും ഡാറ്റാ ബാങ്കിൽ ഉൾപ്പെടാത്തതും എന്നാൽ വില്ലേജ് റെക്കോർഡുകളിൽ നിലം എന്ന് രേഖപ്പെടുത്തിയിരിക്കുന്നതും ആയ ഭൂമി (വിജ്ഞാപനം ചെയ്യപ്പെടാത്ത ഭൂമി) തരം മാറ്റുന്നതിനായി ലഭിക്കുന്ന അപേക്ഷകൾ പരിഗണിക്കുന്നതിന് പ്രസ്തുത സർക്കുലർ ഒരു തരത്തിലും ബാധകമാകുന്നതല്ല. എന്നാൽ അപ്രകാരം വിജ്ഞാപനം ചെയ്യപ്പെടാത്ത ഭൂമി തരം മാറ്റുന്നതിനായി ലഭിക്കുന്ന അപേക്ഷകൾ 2008-ലെ കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ ആക്ടിലെ വ്യവസ്ഥകൾ പ്രകാരം പരിശോധിച്ച് തരം മാറ്റി നൽകുന്നതിന് പ്രസ്തുത സർക്കുലറിന്റെ പേര് പറഞ്ഞ് തടസ്സവാദം ഉന്നയിക്കുന്നതായി പരാതികൾ ഉണ്ടായിട്ടുള്ളതാണ്. ആയതിനാൽ അപ്രകാരം തടസ്സവാദങ്ങൾ ഉന്നയിക്കുന്നത് കൃത്യവിലോപമായി കണക്കാക്കി കാരണക്കാരായ ഉദ്യോഗസ്ഥർക്കെതിരെ അച്ചടക്ക നടപടികൾ സ്വീകരിക്കേണ്ടതാണ്.

ബെൻസി.ജെ
അഡീഷണൽ സെക്രട്ടറി

1) കമ്മീഷണർ, ലാൻഡ് റവന്യൂ

2) ജില്ലാ കളക്ടർമാർ

5) റവന്യൂ ഡിവിഷണൽ ഓഫീസർമാർ

6) തദ്ദേശസ്വയംഭരണ വകുപ്പ്

8) കൃഷി വകുപ്പ്

9) നിയമ വകുപ്പ്

10) വിവരവും, പൊതുജന സമ്പർക്കവും വകുപ്പ് (വേണ്ടത്ര പ്രചാരണത്തിന്)

11) കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ.

പകർപ്പ്:- 1. ബഹു. റവന്യൂ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്.

2. ബഹു. തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്.

3. ബഹു. കൃഷി വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്.